പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 317 19-02-2013 -ൽ മറുപടിക്ക്.

കൃത്രിമ കള്ള്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം. ഉമ്മർ:<br>" എം. പി. അബ്ദുസ്സമദ് സമദാനി:<br>" കെ. മുഹമ്മദുണ്ണി ഹാജി:<br>" കെ. എൻ. എ. ഖാദർ: | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും<br>എക്സൈസും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്ത് തെങ്ങ് ചെത്തി ശേഖരിക്കുന്ന കള്ളിന്റെ അളവും, ഷാപ്പുകളിലൂടെ വില്പന നടത്തുന്ന കള്ളിന്റെ അളവും തമ്മിലുള്ള താരതമ്യ പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകാമോ; | (എ) ഉണ്ട്. സംസ്ഥാനത്തെ കള്ളിന്റെ ഉപഭോഗം, കള്ള് ഷാപ്പുകളിലൂടെ ചെത്തി ശേഖരിക്കുന്ന കള്ളിന്റെ അളവിനേക്കാൾ കുറവായിട്ടാണ്, താരതമ്യ പരിശോധനയിൽ, ബോധ്യപ്പെട്ടിട്ടുള്ളത്. എന്നാൽ, മിക്ക ജില്ലകളിലും, ചെത്തി ശേഖരിക്കുന്ന കള്ളിന്റെ അളവ്, ഉപഭോഗത്തേക്കാൾ കുറവായതിനാൽ, ചെത്ത്തെങ്ങ് യഥേഷ്ടം കിട്ടുന്ന പാലാക്കാട് ജില്ലയിൽ നിന്നും, ലൈസൻസികൾ, പ്രത്യേക നികുതി അടച്ച് അന്തർജില്ലാ പെർമിറ്റുവഴി ആവശ്യം വേണ്ടുന്ന കള്ള് ഇറക്കുമതി ചെയ്ത് വിൽപ്പന നടത്തുന്നു. |
| (ബി) | കൃത്രിമ കള്ള് ഉല്പാദിപ്പിക്കാനും വിപണനം നടത്താനും ആർക്കെങ്കിലും അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) ഇല്ല. കൃത്രിമ കള്ള് ഉല്പാദിപ്പിക്കുന്നതും, വിപണനം നടത്തുന്നതും, അബ്കാരി നിയമങ്ങളും ചട്ടങ്ങളുമനുസരിച്ച് കഠിനമായ ശിക്ഷ ലഭിക്കുന്ന കുറ്റമാണ്. കൃത്രിമ കള്ളിനെതിരെ ശക്തമായ നടപടികളാണ് എക്സൈസ് വകുപ്പ് സ്വീകരിക്കുന്നത്. |
| (സി) | കള്ളിലെ കൃത്രിമം കണ്ടെത്താൻ നടത്തുന്ന ലബോറട്ടറി പരിശോധനകളുടെ വിശദവിവരം നൽകാമോ; | (സി) ലൈസൻസ് ചെയ്ത കള്ളുഷാപ്പുകളിലൂടെ ശുദ്ധമായ കള്ള് മാത്രമേ വിൽപ്പന നടത്തുന്നുള്ളൂവെന്ന് ഉറപ്പുവരുത്തുന്നതിനായി എക്സൈസ് വകുപ്പ് കർശന നടപടികൾ സ്വീകരിച്ചു വരുന്നു. കള്ളുഷാപ്പുകളിൽ നിരന്തരം പരിശോധന നടത്തുകയും, വില്പനയ്ക്കായി വച്ചിരിക്കുന്ന കള്ളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് രാസപരിശോധനയ്ക്ക് അയയ്ക്കുകയും ചെയ്യുന്നു. രാസപരിശോധനാ റിപ്പോർട്ടിൽ, കള്ളിൽ മായം ചേർത്തു എന്ന് ഉറപ്പു വന്നാൽ ലൈസൻസ് റദ്ദു ചെയ്യുന്നതുൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. |
| (ഡി) | പരിശോധനയ്ക്കായുള്ള അംഗീകൃത ലബോറട്ടറികൾ എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കുമോ? | (ഡി) സംസ്ഥാന ആഭ്യന്തര വകുപ്പിന്റെ കീഴിൽ, ചീഫ് കെമിക്കൽ എക്സാമിനറുടെ മേൽനോട്ടത്തിൽ, തിരുവനന്തപുരത്തും, എറണാകുളത്തും, കോഴിക്കോടും ലബോറട്ടറികൾ പ്രവർത്തിക്കുന്നു. |

സെക്ഷൻ ആഫീസർ